# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 741 — 07.02.2013-ൽ മറുപടിയ്ക്ക്

## ബില്ലുകൾ നൽകാതെയുള്ള അനധികൃത മരുന്ന് വില്പന

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.എസ്. സലീഖ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്ത് മരുന്നുകടകൾ ബില്ലുകൾ നൽകാതെ ഗർഭഛിദ്രമരുന്നുകൾ കച്ചവടം നടത്തി സർക്കാരിന് നികുതി നൽകാതെ, ജനങ്ങളുടെ അറിവില്ലായ്മ ചൂഷണം ചെയ്യുന്നതും, ഡോക്ടർമാരുടെ കുറിപ്പില്ലാതെ അനധികൃത മരുന്നുകൾ വില്പന നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കൊല്ലത്തും കോഴിക്കോടും ഇത്തരത്തിലുള്ള മരുന്നു വില്പന നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഗർഭഛിദ്രം നടത്തുന്നതിന് കർശന നിയമമുള്ള സംസ്ഥാനത്ത്, ഡോക്ടർമാർ അറിയാതെ മരുന്നുകടകൾ ബില്ലുകൾ പോലും നൽകാതെ കോടിക്കണക്കിന് രൂപയുടെ ഗർഭഛിദ്ര മരുന്നു കച്ചവടം നടത്തുന്നതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി പ്രസ്തുത മരുന്നു കമ്പനി റെപ്രസന്റേറ്റീവ്മാരെയും മരുന്നുകച്ചവടക്കാരെയും നിയമത്തിന് മുന്നിൽ കൊണ്ടു വന്ന്, വേണ്ട ശിക്ഷ ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പരിശോധനാ വേളകളിൽ, ഡോക്ടർമാരുടെ കുറിപ്പടിയോടുകൂടി മാത്രം വില്പന നടത്തേണ്ട ഷെഡ്യൂൾ എച്ച് വിഭാഗത്തിൽപ്പെടുന്ന മരുന്നുകളുടെ വാങ്ങൽ വില്പന സംബന്ധിച്ചുള്ള ബില്ലുകളും കൂടാതെ സ്റ്റോക്ക് വെരിഫിക്കേഷനും നടത്തി പ്രസ് തുത മരുന്നുകൾ നിയമപ്രകാരം മാത്രമേ വില്ക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്താറു ണ്ട്. നിയമവിരുദ്ധമായി ഷെഡ്യൂൾ എച്ച് വിഭാഗത്തിൽപ്പെടുന്ന മരുന്നുകൾ വാങ്ങുകയോ വില്ക്കുകയോ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ കർശനമായ വകുപ്പ്തല നടപടികൾ സ്വീകരിച്ചു വരുന്നു ണ്ട്. |
| (സി) ഡോക്ടർമാരുടെ കുറിപ്പിൻമേൽ വില്ക്കാനും, കുറിപ്പും ബില്ലും കടയിൽ സൂക്ഷിക്കാനും നിബന്ധനയുള്ള 'ഷെഡ്യൂൾ എച്ച്'-ൽപ്പെട്ട ഗർഭഛിദ്ര മരുന്നുകൾ അനധികൃതമായി ഏതെല്ലാം മരുന്നുകടകൾ വിറ്റിട്ടുണ്ട് എന്നത് സംബന്ധിച്ചും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി)ഡോക്ടർമാരുടെ കുറിപ്പിൻമേൽ ഫാർമസിസ്റ്റുകളുടെ മേൽനോട്ടത്തിൽ വില്ക്കാനും ബില്ലുകൾ (വാങ്ങൽ/വില്പന) കടയിൽ സൂക്ഷിക്കാനും നിബന്ധനയുള്ള ഷെഡ്യൂൾ എച്ച് വിഭാഗത്തിൽപ്പെട്ട ഗർഭഛിദ്ര മരുന്നുകളായ Mifepro, M-Prost 200 അനധികൃതമായി വില്പന നടത്തുന്നതായി കോഴിക്കോട്, കൊല്ലം ജില്ലകളിൽ നിന്ന് റിപ്പോർട്ട് ലഭിച്ചതനുസരിച്ച് കോഴിക്കോട് 9 മെഡിക്കൽ ഷോപ്പുകൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. കൊല്ലത്ത് 2 മരുന്നു കടകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ കേരളം ഒട്ടാകെയുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാർക്ക് ഇത് സംബന്ധിച്ച് നടപടികൾ എടുക്കുന്നതിനായി നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഡി) 'ഷെഡ്യൂൾ എച്ച്' വിഭാഗത്തിലെ ഏതെല്ലാം മരുന്നുകൾ സംസ്ഥാനത്ത് വിൽക്കുന്നുവെന്നും ഏതെല്ലാം | (ഡി) 'ഷെഡ്യൂൾ എച്ച്'വിഭാഗത്തിൽപ്പെടുന്ന 536 മരുന്നുകൾ നിലവിലു ണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പരിശോധനാ വേളകളിൽ, |

| | |
|---|---|
| കമ്പനികളാണ് സംസ്ഥാനത്ത് വിതരണക്കാരെന്നതും സംബന്ധിച്ച് നടപ്പു വർഷം എന്തെല്ലാം പരിശോധനകൾ നടത്തിയിട്ടുണ്ട്; | ഡോക്ടർമാരുടെ കുറിപ്പടിയോടുകൂടി മാത്രം വില്പന നടത്തേണ്ട 'ഷെഡ്യൂൾ എച്ച്' വിഭാഗത്തിൽപ്പെടുന്ന മരുന്നുകളുടെ വാങ്ങൽ വില്പന സംബന്ധിച്ചുള്ള ബില്ലുകളും കൂടാതെ സ്റ്റോക്ക് വെരിഫിക്കേഷനും നടത്തി പ്രസ്തുത മരുന്നുകൾ നിയമപ്രകാരം മാത്രമേ വില്ക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്താറു ണ്ട്. നിയമവിരുദ്ധമായി 'ഷെഡ്യൂൾ എച്ച് 'വിഭാഗത്തിൽപ്പെടുന്ന മരുന്നുകൾ വാങ്ങുകയോ വില്ക്കുകയോ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ കർശനമായ വകുപ്പ്തല നടപടികൾ സ്വീകരിച്ചു വരുന്നു ണ്ട്. ഇത്തരം മരുന്നുകളുടെ കമ്പനി/വിതരണക്കാർ സംബന്ധിച്ചുള്ള കൃത്യമായ കണക്കുകൾ ലഭ്യമാക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. |
| (ഇ) ഗർഭഛിദ്രത്തിനുള്ള മരുന്നുകളുടെ വിപണനത്തിലൂടെ കോടികളുടെ അഴിമതി, ഉപയോഗത്തിലൂടെ ഉണ്ടാകാവുന്ന ജീവഹാനി എന്നിവ സംബന്ധിച്ച് ഒരു വിശദമായ അന്വേഷണം നടത്താനും അതുവഴി ഇത് തടയാനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ഇ)നിലവിലുള്ള നിയമപ്രകാരം ഗർഭഛിദ്രത്തിനുള്ള മരുന്നുകൾ ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രക്ടീഷണറുടെ പ്രിസ്കിപ്ഷൻ പ്രകാരം മാത്രമേ മെഡിക്കൽ ഷോപ്പുകളിൽനിന്നും വിൽക്കുവാൻ പാടുള്ളൂ. ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധനാവേളയിൽ ഇപ്രകാരമുള്ള മരുന്നുകൾ , ബില്ലുകൾ മുഖേനയാണോ വില്പന നടത്തിയിട്ടുള്ളതെന്ന് പരിശോധിക്കാറുണ്ട്. എങ്കിലും ഇക്കാര്യത്തിലുള്ള ന്യൂനതകൾ ഒഴിവാക്കുന്നതിനുവേ ണ്ടി ഈ മരുന്ന് രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ പ്രിസ്ക്രൈബ് ചെയ്യുമ്പോൾ കാർബൺ ഉപയോഗിച്ച് ഒരു ഡ്യൂപ്ലിക്കേറ്റ് കോപ്പി കൂടി എഴുതുകയും, ഡ്യൂപ്ലിക്കേറ്റ് കോപ്പി വിൽപ്പന സമയത്ത് മെഡിക്കൽ ഷോപ്പുകളിൽ സൂക്ഷിക്കണമെന്നുള്ള തീരുമാനം നടപ്പിലാക്കുന്നതിനെപ്പറ്റി ആലോചിച്ചുവരികയാണ്. |
| (എഫ്) സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന പല ജില്ലകളിലും പെൺശിശു നിരക്ക് കുറയാൻ കാരണം എന്തെന്ന് പരിശോധനയ്ക്ക് വിധേയമാക്കുമോ ? | (എഫ്) സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ജില്ലകളിൽ പെൺശിശു ജനന നിരക്ക് കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ